# പതിമൂന്നാം കേരള നിയമസഭ.
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2242

18/06/2013 ൽ മറുപടിയ്ക്ക്

## മാവേലിക്കര മണ്ഡലത്തിലെ വ്യവസായങ്ങളും ചെങ്കൽ ഖനനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) താമരക്കുളം പഞ്ചായത്തിലെ ചത്തിയറയിൽ ചെങ്കൽ ഖനനത്തിന് ജില്ലാ ഭൂഗർഭ ശാസ്ത്രജ്ഞൻ അനുമതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; | (എ) താമരക്കുളം പഞ്ചായത്തിലെ ചത്തിയറ പ്രദേശത്ത് മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതിയോടുകൂടി ചെങ്കൽ ക്വാറികളൊന്നും നിലവിൽ പ്രവർത്തിക്കുന്നില്ല. 04/06/2012 മുതൽ 03/06/2013 വരെ കാലാവധിയുള്ള ഒരു ക്വാറി പ്രവർത്തിച്ചിരുന്നു. ആയതിന്റെ പ്രവർത്തനാനുമതി 09/05/2013 ന് വ്യവസായ വകുപ്പ് റദ്ദുചെയ്തിരുന്നു. |
| (ബി) ഖനനത്തിന് വ്യവസായ വകുപ്പിന്റെ അനുമതിയു ണ്ടോ; വ്യവസായ വകുപ്പ് അനുമതി റദ്ദ് ചെയ്തിട്ടു ണ്ടോ; റദ്ദ് ചെയ്തെങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകുമോ; | (ബി) 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാ രം മൈനിംഗ് & ജിയോളജി വകുപ്പാണ് ചെങ്കല്ല് ഖനനം ചെയ്യുന്നതിന് പെർമിറ്റ് നൽകുന്നത്. ആയതിന് വ്യവസായ വകുപ്പിന്റെ പ്രത്യേക അനുമതി ആവശ്യമില്ല. താമരക്കുളം വില്ലേജിലെ ചത്തിയറ പ്രദേശത്ത് സർവ്വേ നം: 490/6-ൽപ്പെട്ട 17.16 ആർസ് സ്ഥലത്ത് നിന്നും ചെങ്കൽ ഖനനത്തിന് ശ്രീ. പ്രസന്നൻ, പൗർണ്ണമി, ചത്തിയറ, താമരക്കുളം എന്ന വ്യക്തിയ്ക്ക് 04/06/2012-ൽ അനുവദിച്ച ക്വാറിയിങ് പെർമിറ്റ് 09/05/2013 തീയതിയിലെ സ.ഉ (സാധാ) നം: 638/13/ഐഡി പ്രകാരം റദ്ദ് ചെയ്തി ട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

(സി) മാവേലിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ ഭൂമി വ്യവസായങ്ങൾ ആരംഭിക്കാതെ കിടക്കുന്നു ണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇവിടെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുളള എന്തൊക്കെ പദ്ധതികളാണ് നിലവിലുളളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(സി) & (ഡി) മാവേലിക്കര താലൂക്കിലെ കൊല്ലകടവ് വികസന ഏരിയയിൽ ഏകദേശം 15 സെന്റ് സ്ഥലം ഒഴികെ ബാക്കിയെല്ലാം വ്യവസായിക ആവശ്യത്തിനു അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. ആലപ്പുഴ മിനിവ്യവസായ എസ്റ്റേറ്റ് സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിലുള്ള മാവേലിക്കര മിനിവ്യവസായ എസ്റ്റേറ്റിൽ 1 ഏക്കർ സ്ഥലം ഉണ്ട്. അതിൽ 4 വ്യവസായ സംരംഭകർക്കായി 70 സെന്റ് സ്ഥലം അലോട്ടു ചെയ്തു കൊടുത്തു. ബാക്കി 30 സെന്റിൽ 10 സെന്റ് സ്ഥലം റോഡിനും വഴിയുമായി മാറ്റിയതിനു ശേഷം 20 സെന്റ് സ്ഥലം ബാക്കിയുണ്ട്. ആയത് അനുവദിക്കുന്നതിലേക്കായി സംഘത്തിൽ അപേക്ഷ കിട്ടിയിട്ടുണ്ട്.

മാവേലിക്കര താലൂക്കിൽ വികസന ഏരിയ കൊല്ലകടവിൽ വ്യവസായ ആവശ്യത്തിന് ലഭ്യമായ 16.22 ഏക്കർ സ്ഥലത്ത് 44 വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മാവേലിക്കര മിനിവ്യവസായ എസ്റ്റേറ്റിൽ 4 വ്യവസായ സംരംഭകർക്ക് അലോട്ട് ചെയ്ത സ്ഥലത്ത് അലുമിനിയം വെസ്സൽസ്, പായ്ക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ, ഹോളോബ്രിക്സ്, ജനറൽ എഞ്ചിനീയറിംഗ് എന്നീ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - 1967 - ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 49 പ്രകാരം ശ്രീ. സജീവ്കുമാർ, ചത്തിയറ, ആലപ്പുഴ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ).നം.638/13/ഐ.ഡി തീയതി, തിരുവനന്തപുരം.09.05.2013

---

പരാമർശം: 1. 03.12.12 – തീയതിയിൽ ശ്രീ. സജീവ്കുമാർ, ചത്തിയറ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ .

2. 28.02.2013 തീയതിയിലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 9422/എം4/2012 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മാവേലിക്കര താലൂക്കിൽ താമരക്കുളം വില്ലേജിൽ സർവ്വേ നമ്പർ 490/6,7 - ൽ പ്പെട്ട 18.36 ആർ സ്ഥലത്തു നിന്നും വെട്ടുകല്ല് ഖനനം ചെയ്യുന്നതിന് 04.06.2012 -ൽ ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റ് ശ്രീ പ്രസന്നന് (പൗർണ്ണമി, ചത്തിയറ) നൽകിയ അനുമതിയും അതിനെ തുടർന്ന് പ്രസ്തുത അനുമതിയിൽ ഭേദഗതി വരുത്തി നൽകിയ ഉത്തരവുകൾക്കുമെതിരെ ശ്രീ. സജീവ്കുമാർ മുതൽ പേർ പരാമർശം (1) പ്രകാരം ഒരു അപ്പീൽ പെറ്റീഷൻ സർക്കാരിനു മുമ്പാകെ സമർപ്പിച്ചു.

സർവ്വേ നം. 490/6,7 - ൽ പ്പെട്ട സ്ഥലത്തെ ചെങ്കൽ ഖനനത്തിനെതിരെ ശ്രീ. സജീവ്കുമാർ, ശ്രീ. അജി കുമാർ, ശ്രീ.വിക്രമൻ പിള്ള, ശ്രീമതി. രാധ എന്നിവരുടെ പരാതിയുടെ അടിസ്ഥാനത്തിൽ 04.12.2012 തീയതിയിലെ ഡി.ഒ.എ/1765/എംഎം/2012 നമ്പർ പ്രകാരം ചെങ്കൽ ഖനനം നിർത്തിവയ്ക്കുന്നതിന് ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റ് നോട്ടീസ് നൽകി. ശ്രീ. പ്രസന്നന് എതിരെയുള്ള പരാതിയിൽ 2 കാര്യങ്ങളാണ് പ്രധാനമായും ഉന്നയിച്ചിരുന്നത്.

1. ഇവരുടെ വാസഗൃഹത്തിൽ നിന്നും 50 മീറ്റർ ദൂരപരിധി പാലിച്ചിട്ടില്ല.
2. KIP കനാലിൽ നിന്നും നിയമാനുസൃതമായ ദൂരപരിധി ഇല്ല.

ടി നോട്ടീസിനെതിരെ ശ്രീ. പ്രസന്നൻ ബഹു. കേരള ഹൈക്കോടതി മുൻപാകെ WP(C) 31646/12- നമ്പരായി കേസ് ഫയൽ ചെയ്യുകയും, ടി കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ ശ്രീ. പ്രസന്നനെ 12.02.13 -ൽ ഹിയറിംഗ് വിളിപ്പിക്കുകയും ചെയ്തു.

ഹിയറിംഗിൽ ശ്രീ. സജീവ് കുമാറിന്റെ, വാസഗൃഹത്തിൽ നിന്നും 50 മീറ്റർ മാറിയും കനാലിൽ നിന്നും നിയമാനുസൃതമായ അകലം പാലിച്ച് കൊണ്ടും ഖനനാനുമതി നൽകണമെന്ന് ശ്രീ. പ്രസന്നൻ ആവശ്യപ്പെടുകയും ആയതിൻ പ്രകാരം 14.02.13 തീയതിയിൽ ടി സ്ഥലം താമരക്കുളം വില്ലേജ് ഉദ്യോഗസ്ഥരോടൊപ്പം സന്ദർശിച്ച് നിയമാനുസരണം ഖനനാനുമതി നൽകാവുന്ന 9 മീ.X6 മീ. സ്ഥലം കുറ്റിയടിച്ച് വേർതിരിച്ചിടുകയും 15.02.13 – ലെ ഉത്തരവു പ്രകാരം ചെങ്കൽ ഖനനം തുടരുന്നതിന് പ്രസന്നന് ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റ് അനുമതി നൽകുകയും ചെയ്തു.

(മറുപുറം)

എന്നാൽ 19.02.2013 – ൽ താമരക്കുളം വില്ലേജ് ഓഫീസർ പുതുക്കിയ ഒരു ലൊക്കേഷൻ സ്കെച്ച് തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഖനനം ചെയ്യാനായി ആദ്യം അനുമതി നൽകിയിരുന്ന 18.36 ആർ സ്ഥലം 12.34 ആയി പുതുക്കി നിശ്ചയിച്ചുകൊണ്ട് നേരത്തെ നൽകിയിരുന്ന ഉത്തരവിൽ ഭേദഗതി വരുത്തുകയും ചെയ്തു.

ഇതിനെതിരെ ശ്രീ. സജീവ്കുമാർ നൽകിയ അപ്പീൽ പെറ്റീഷന്റെ അടിസ്ഥാനത്തിൽ ടിയാനെ 11.04.2013 – ൽ വ്യവസായ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. ടിയാന്റെ അഭിഭാഷകനും, മൈനിംഗ് & ജിയോളജി വകുപ്പിലെ ജിയോളജിസ്റ്റും നേർകാഴ്ചയിൽ പങ്കെടുത്തു. ശ്രീ. സജീവ്കുമാർ, താൻ പ്രസ്തുത സ്ഥലത്തെ ചെങ്കൽഖനനത്തിന് ഒരു കാലത്തും സമ്മതപത്രം നൽകിയിട്ടില്ല എന്നും, ടി ഖനനവുമായി ബന്ധപ്പെട്ട് ശ്രീ.പ്രസന്നൻ സമർപ്പിച്ചിട്ടുള്ള രേഖകൾ എല്ലാംതന്നെ വ്യാജമാണെന്നും തന്റെ വീട്ടിൽ നിന്നും വെറും 17 മീറ്റർ മാത്രമാണ് പ്രസ്തുത ഖനന സ്ഥലത്തേയ്ക്കുള്ള അകലമെന്നും ഇപ്പോൾ തന്നെ 30 അടി ആഴത്തിൽ ഖനനം നടന്ന പ്രദേശം തനിയ്ക്കും തന്റെ കുടുംബത്തിനും മഴക്കാലമാകുമ്പോൾ പ്രത്യേകിച്ചും വലിയ ഭീഷണിയാണെന്നും അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട് താനും തന്റെ കുടുംബവും മാനസികമായി ഒരുപാട് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്നും ഭീഷണികൾ അഭിമുഖീകരിക്കേണ്ടിവരുന്നുണ്ടെന്നും വ്യക്തമാക്കി. കല്ലട ജലസേചന പദ്ധതിയുടെ പാവുമ്പ വലിയ കനാലിന് ഖനന സ്ഥലത്തുനിന്നും 20 മീറ്റർ മാത്രമേ അകലമുള്ളൂ. വാസഗൃഹത്തിൽ നിന്നും 50 മീറ്ററും KIP കനാലിൽ നിന്നും 50 മീറ്ററും ദൂരപരിധി പാലിയ്ക്കണമെന്ന KMMCR 1967 – ലെ വ്യവസ്ഥകൾ അപേക്ഷകൻ പാലിച്ചിട്ടില്ല. താമരക്കുളം പഞ്ചായത്തും നാട്ടുകാരും പ്രസ്തുത ഖനനത്തിന് എതിരാണ്. പഞ്ചായത്തിന്റെ എതിർപ്പിന്റേയും പഞ്ചായത്ത് സമിതി നൽകിയ കത്തിന്റെയും അടിസ്ഥാനത്തിൽ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഖനനാനുമതി നൽകുന്നത് പരിഗണിക്കുമ്പോൾ രേഖകളോടൊപ്പം മുൻകൂർ പാരിസ്ഥിതികാനുമതി ഉണ്ടെന്ന് ഉറപ്പുവരുത്തിയശേഷം മാത്രമേ അനുമതി നൽകാവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആദ്യം പുറപ്പെടുവിച്ച ഉത്തരവിന് ഭേദഗതി വരുത്തി ഉത്തരവിടാൻ ജില്ലാ ജിയോളജിസ്റ്റിന് അധികാരമില്ല എന്ന് ഡയറക്ടറേറ്റ് ഓഫ് മൈനിംഗ് ആന്റ് ജിയോളജിയിലെ ജിയോളജിസ്റ്റ് വ്യക്തമാക്കി.

മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പരാമർശം (2) പ്രകാരമുള്ള റിപ്പോർട്ടിൽ 50 മീറ്ററിനുള്ളിലെ താമസക്കാരനായ ശ്രീ. സജീവ്കുമാർ പുതിയ ആക്ഷേപം ഉന്നയിച്ച സാഹചര്യത്തിൽ ഖനന പ്രക്രിയകൾ തൽക്കാലം നിർത്തിവയ്ക്കാൻ ശ്രീ. പ്രസന്നന് 04.12..2012 - ൽ ആലപ്പുഴ ആഫീസിൽ നിന്ന് നിർദ്ദേശം നൽകിയിരുന്നതായും ഇതിനെതിരെ ശ്രീ. പ്രസന്നൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് പെറ്റീഷനിൽ 01.01.13 - ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരനെ കേട്ടശേഷം നിയമാനുസൃതമുള്ള ദൂരം പരാതിക്കാരന്റെ വാസസ്ഥലത്തു നിന്നും കനാലിൽ നിന്നും പാലിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തിയാണ് ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റ് പുതുക്കിയ അനുമതി നൽകിയത് എന്നും വ്യക്തമാക്കി.

ബന്ധപ്പെട്ട ഉത്തരവുകളും ലഭ്യമായ രേഖകളും മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടും ശ്രീ. സജീവ്കുമാർ നേർകാഴ്ചയിൽ ഉന്നയിച്ച വസ്തുതകളും സർക്കാർ വിശദമായി പരിശോധിച്ചു.

കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് പുതുക്കിയ ഉത്തരവ് ഇറക്കിയത്. എന്നാൽ കോടതി വിധിയിൽ നിർദ്ദേശിച്ചതുപോലെ ബന്ധപ്പെട്ടവരെയെല്ലാം കേൾക്കുകയുണ്ടായില്ല. ശ്രീ.പ്രസന്നനെ മാത്രം നേരിൽ കേട്ട് തീരുമാനമെടുക്കുകയായിരുന്നു. ഖനന സ്ഥലത്തു നിന്നും 50 മീറ്റർ ദൂരം പാലിക്കണമെന്ന നിബന്ധന വാസസ്ഥലത്തിന്റെ കാര്യത്തിലും KIP കനാലിന്റെ കാര്യത്തിലും പാലിച്ചിട്ടില്ല. ശ്രീ. സജീവ്കുമാർ മേൽപടി സ്ഥലത്ത് ഖനനത്തിന് സമ്മതപത്രം നൽകിയിട്ടില്ല. ബന്ധപ്പെട്ട പഞ്ചായത്ത് ഈ ഖനനത്തിന് എതിരാണ്. പഞ്ചായത്തിന്റെ അനുമതി ആവശ്യമില്ല എന്നിരിക്കിലും സമീപവാസികൾ എല്ലാം തന്നെ ഈ ഖനനത്തിന് എതിരാണ്. ഇപ്പോൾ തന്നെ 30 അടി ആഴത്തിൽ ടി സ്ഥലത്ത് ഖനനം നടന്നു കഴിഞ്ഞു. ഇനിയും അതിലും താഴേക്ക് കുഴിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത് എന്നാണ് പരാതിക്കാരൻ പറയുന്നത്. 04.06.12 - ന് നൽകിയ അനുമതി രണ്ടു പ്രാവശ്യം ഭേദഗതി ചെയ്തിരിക്കുകയാണ് ആലപ്പുഴ ജിയോളജിസ്റ്റ് (ഇൻചാർജ്ജ്). ശ്രീ പ്രസന്നന് 03.06.2013 വരെ ചെങ്കൽ ഖനനത്തിന് അനുമതിയുണ്ട്. മേൽ പറഞ്ഞ സാഹചര്യങ്ങളിൽ പ്രസ്തുത സ്ഥലത്തെ ചെങ്കൽ ഖനനം സംബന്ധിച്ച് പൊതു ജനങ്ങളിൽ നിന്നും വ്യാപകമായ പരാതി നിലനിൽക്കുന്ന സാഹചര്യത്തിൽ മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും വൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥർ ഉൾപ്പെട്ട ഒരു സംഘത്തെക്കൊണ്ട് ടി സ്ഥലത്തിന്റെ കൃത്യമായ അതിർത്തി നിർണ്ണയം നടത്തി പാരിസ്ഥിതിക പ്രശ്നങ്ങളും മറ്റും പരിശോധിച്ച ശേഷം മാത്രമേ ചെങ്കൽ ഖനനം പുതുക്കി നൽകുന്നതിനുള്ള അപേക്ഷയിൽ തീരുമാനം എടുക്കാവൂ എന്നും ശ്രീ. പ്രസന്നന് ചെങ്കൽ ഖനനത്തിന് അനുവദിച്ച 03.06.2013 വരെയുള്ള ശേഷിച്ച കാലയളവിലെ അനുമതി റദ്ദ് ചെയ്യാനും മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറോട് നിർദ്ദേശം നൽകികൊണ്ട് പരാമർശം (1) പ്രകാരമുള്ള അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജയലേഖാദേവി.ജെ,**
**ഡെപ്യൂട്ടി സെക്രട്ടറി.**

ശ്രീ.സജീവ് കുമാർ, ലക്ഷ്മി വിലാസം, ചത്തിയറ, താമരക്കുളം പി.ഒ, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.
ഡിസ്ട്രിക്ട് ജിയോളജിസ്റ്റ്, ആലപ്പുഴ.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

**ഉത്തരവിൻപ്രകാരം,**

**സെക്ഷൻ ഓഫീസർ**

S.O